മിസ്റ്റർ പി. കെ. ഡീവർ: ഇവരുടെ സമുദായത്തിൽ ഫീൽഡ് ആപ്പീസർമാർ ഇല്ലായെന്നുള്ളതു് തീക്കുവാൻ കഴിയുമോയെന്നാണു് ചോദിക്കുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇതു് സ്റ്റാഫ് സിലക്ഷൻ ബോർഡിന്റെ റേഷ്യോ അനുസരിച്ചു് ഒരു സമുദായത്തിനു് കിട്ടേണ്ട എല്ലാതരം ഉദ്യോഗങ്ങളും ഒന്നിച്ചാണു് കണക്കാക്കുന്നതു്. അല്ലാതെ ഫീൽഡാപ്പീസ്സർ എന്ന ഒരു ഉദ്യോഗത്തിനു് പ്രത്യേകതയില്ല.

മിസ്റ്റർ പി. കെ. ഡീവർ: ഒരു പ്രൊമോഷൻ മൂലം കൊടുക്കുവാൻ ആലോചിക്കാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു് ആലോചിക്കാം.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: വേറെ ഡിപ്പാർട്ടുമെണ്ടിലുള്ള ആളുകൾക്കു് ഈ ഡിപ്പാർട്ടുമെണ്ടിൽ ഫീൽഡാപ്പീസർമാരാകുവാൻ വിരോധമുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെ ചെയ്യുവാൻ വിരോധമില്ല. പക്ഷെ ഫീൽഡാഫീസർമാക്കു് ഒരു മാസത്തെ ട്രെയിനിംഗു വേണം. അങ്ങിനെയുള്ളവരെയാണു് ഫീൽഡാഫീസർമാരായിട്ടു് എടുക്കുന്നതു്. ഇതിനു വിപരീതമായിട്ടു ചെയ്യുകയാണെങ്കിൽ ഒരുപക്ഷെ ഇതു് ഡിപ്പാർട്ടുമെണ്ടിന്റെ പ്രവൃത്തിക്കു തടസ്സം വന്നുവെന്നുവരാം. ഇനി ട്രെയിനിംഗിനു് എടുക്കുമ്പോൾ ഈകാര്യം ആലോചിക്കാം.

മിസ്റ്റർ പി. കെ. ഡീവർ: ഇപ്പോൾ ട്രെയിനിംഗിനു് എടുത്തിട്ടുള്ളവരിൽ വല്ലവരുമുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇപ്പോഴില്ല.

മിസ്റ്റർ പി. കെ. ഡീവർ: ഇപ്പോൾ എത്ര ആളുകളെ ട്രെയിനിംഗിനു് എടുത്തിട്ടുണ്ടു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇപ്പോൾ രണ്ടുപേരെ എടുത്തിട്ടുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: ഇനി ട്രെയിനിംഗിനു് എടുക്കുമ്പോൾ അധഃകൃതരുടെ കാര്യം ആലോചിക്കുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇനി ട്രെയിനിംഗിനു് അയക്കുമ്പോൾ ആലോചിക്കാം.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: യുദ്ധം കഴിഞ്ഞിട്ടും ഫീൽഡാഫിസർമാരുടെ ട്രെയിനിംഗുമെറ്റും നിർത്താറായിട്ടില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: തോക്കും, വാളും കൊണ്ടുള്ള യുദ്ധം മാത്രമേ കഴിഞ്ഞിട്ടുള്ളു. ഇനിയും യുദ്ധങ്ങൾ വേറെയുണ്ടു്. ആ യുദ്ധം നടത്തണമെങ്കിൽ ഇങ്ങിനെയുള്ള ട്രെയിനിംഗും മറ്റുംകൂടാതെ നവ്വത്തിയില്ല. ക്ഷണക്ഷാമം നിലനില്ക്കുന്നിടത്തോളംകാലം ഇതൊന്നും നിറുത്തുവാൻ പാടില്ല.

മിസ്സിസ്സ് കെ. എം. ആർ. മേനോൻ: ഫീൽഡാഫീസർമാരുടെ ട്രെയിനിംഗിനു സ്ത്രീകളെ എടുക്കുവാൻ പാടില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനു് തടസ്സമായിട്ടുള്ള നിയമങ്ങളൊന്നുമില്ല. പക്ഷെ അതിനു സന്നദ്ധതയുള്ള സ്ത്രീകൾതന്നെയുണ്ടോ എന്നു സംശയമാണു്.

മിസ്സിസ്സ് കെ. എം. ആർ. മേനോൻ: അങ്ങിനെ സ്ത്രീകളെ നിയമിക്കാമെന്നുണ്ടെങ്കിൽ കുറെക്കൂടി ഭംഗിയായി ജോലി നടക്കുകയില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിലേക്കു് ശേഷിയും സന്നദ്ധതയുമുള്ളവരായ സ്ത്രീകൾ വരികയാണെങ്കിൽ എടുക്കാൻ വിരോധമില്ല.

LOWER CLASSES—VADAKKANCHERI HIGH SCHOOL

104. Mr. K. Balakrishna Menon *(Cheruthuruthi)*: Will Government be pleased to state.—

(*a*) if they are aware that the Lower Classes in the Vadakkancheri School are held in shifts for want of accommodation;

(*b*) what action has been taken by the Government to relieve the conjestion;

(*c*) if the High School has sufficient playground?

Rao Sahib K. Ayyappan *(Minister for Public Works)*:

(*a*) Yes.

(*b*) The question of providing additional accommodation is engaging the attention of the Government. In the meantime, arrangements are being made to hold some of the classes in the

LIBRARY ARCHIVES Kerala Legislative Assembly

Hostel building, the hostel having been temporarily closed for want of sufficient number of boarders.

(c) The ground available is considered inadequate. Accordingly steps are afoot to acquire a field extensive enough for the purpose.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: May I know, Sir, what progress has been made in the steps that are afoot mentioned in answer (c)?

Rao Sahib K. Ayyappan *(Minister for Public Works)*: I have not the exact information.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Will the Government be pleased to see that this absolutely necessary play-ground is made ready for the use and occupation by the next academic year?

Rao Sahib K. Ayyappan *(Minister for Public Works)*: Most probably.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Can it not be done because we have got a few months more and you have got a special officer for acquisition. In the light of that, it is that I ask whether this play-ground could not be made available for use by the next academic year, eight months hence?

Rao Sahib K. Ayyappan *(Minister for Public Works)*: I think it will be possible.

REPORTS OF HONORARY VISITORS IN HOSPITALS

ശ്രീ. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.

(എ) ആശുപത്രികളിലെ ഓണററി വിസിറ്റർമാർ യോഗം കൂടുമ്പോൾ എഴുതാറുള്ള പ്രമേയങ്ങളുടെ ഒരു പ്രതി അപ്പോഴപ്പോൾ ഗവൺമെണ്ടിലേക്ക് അയക്കാറില്ലെ;

(ബി) അങ്ങനെ അയച്ചുകിട്ടുന്ന പ്രമേയങ്ങൾക്ക് ഗവൺമെണ്ട് മറുപടി അയക്കുന്ന പതിവുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) ഇത്രകാലത്തിനുള്ളിലെ മറുപടി അയക്കാവു എന്നു വല്ല വ്യവസ്ഥയുമുണ്ടോ;

(ഇ) അയ്യമ്പിള്ളി ഡിസ്പെൻസറിയിൽ ഓണററിവിസിറ്റർമാരുടെ ഒരു യോഗം [illegible] ഉടവും പറഞ്ഞുകൂടിയതായി വല്ല അറിവും ഗവൺമെണ്ടിനു ലഭിച്ചിട്ടുണ്ടോ;

(എഫ്) അന്നേദിവസം അവിടെ പാസാക്കിയ യോഗത്തിന്റെ ഒരു റിപ്പോർട്ട് പ്രമേയസഹിതം ഗവൺമെണ്ടിലേക്ക് അയച്ചുതന്നിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ എന്നാണ് അയച്ചുകിട്ടിയതു;

(എച്ച്) അതിനു അവർക്ക് എന്നു, എന്തുമറുപടിയാണു അയച്ചതു;

(ഐ) മറുപടി ഇതേവരെ അയച്ചില്ലെങ്കിൽ എന്തുകൊണ്ടാണ് മറുപടി അയക്കുന്നതു താമസമെങ്കിലും ഗവൺമെണ്ട് സ്വീകരിക്കാത്തതു?

റാവു ബഹദൂർ ടി. കെ. നായർ: (എ) ഉവ്വു.

(ബി) ഓണററിവിസിറ്റർമാർക്ക് മറുപടി അയക്കാറില്ല.

(സി) വേണ്ടുന്ന കാര്യങ്ങളിൽ ഗവൺമെണ്ട് നടപടി എടുക്കുകയെന്നല്ലാതെ മറുപടി കൊടുക്കുന്നപതിവില്ല.

(ഡി) ഉത്തരവാദമില്ല.

(ഇ) ഉവ്വു.

(എഫ്) ഉവ്വു.

(ജി) [illegible] ജൂൺ [illegible].
[illegible] മിഥുനം [illegible].

(എച്ച് & ഐ) സന്ദർശകന്മാരുടെ റിമാർക്കിനു മറുപടി അയക്കാറില്ല.

മിസ്റ്റർ കെ. എ. രാഘവൻ: സാധാരണ സന്ദർശകന്മാർ യോഗംകൂടുമ്പോൾ അതിന്റെ റിപ്പോർട്ട് ഗവൺമെണ്ടിലേക്ക് അയക്കേണ്ട ബാദ്ധ്യത ആക്കാണ്?

റാവുബഹദൂർ ടി. കെ. നായർ: അവിടത്തെ ഡോക്ടർക്ക്.

മിസ്റ്റർ കെ. എ. രാഘവൻ: അഭിപ്രായത്തിനുപോലും ഒരു മറുപടിഅയക്കാറില്ലേ?

LIBRARY ARCHIVES Kerala Legislative Assembly